**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2812** | **13-02-2024 - ൽ മറുപടിയ്ക്ക്**

**കല്ലമ്പലം-പോങ്ങനാട് റോഡിലെ ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ആറ്റിങ്ങൽ മണ്ഡലത്തിലെ തലവിളമുക്കിൽ കല്ലമ്പലം-പോങ്ങനാട് റോഡിന്റെ വശത്തായി സ്ഥാപിച്ചിരിക്കുന്ന ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | ശ്രീ. ഇസ്മായിൽ കുഞ്ഞും, സമീപവാസികളും ആറ്റിങ്ങൽ മണ്ഡലത്തിലെ നവകേരള സദസ്സിൽ മടവൂർ ഇലക്ട്രിക്കൽ സെക്ഷനു കീഴിൽ തലവിളമുക്കിൽ സ്ഥാപിച്ചിരിക്കുന്ന ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു അപേക്ഷ നൽകിയിരുന്നു. സ്ഥലം പരിശോധിച്ചതിൽ നിലവിലെ ട്രാൻസ്ഫോർമർ അവിടെനിന്നു മാറ്റി സ്ഥാപിക്കേണ്ട തരത്തിലുള്ള അപകടാവസ്ഥ ഇല്ല എന്നും, ഫെൻസിംഗ് ഉൾപ്പെടെയുള്ള സേഫ്റ്റി measures നിലവിലുണ്ടെന്നും കണ്ടെത്തിയിട്ടുണ്ട്. കൂടാതെ രാത്രി കാലങ്ങളിലെ visibility ഉറപ്പാക്കുന്നതിന് fluorescent stickers പതിപ്പിക്കുവാനും yard lighting നൽകാനും നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കേ ണ്ടതുണ്ടെങ്കിൽ അതിന് അനുയോജ്യമായ സ്ഥലം ലഭ്യമാക്കുകയും അതിനുള്ള തുക ഒടുക്കുകയും ചെയ്യുന്ന മുറയ്ക്ക് ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ